14

നവംബർ 2020

ശനി

1196 തുലാം 29 1442 റ. അവ്വൽ 28

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 KARAVAL DAILY PUBLISHED FROM KASARAGOD കാസർകോട്•പുസ്തകം 27 •ലക്കം 220 •പേജ് 4 •വില: 5 രൂപ

30 years of Excellence
advent
MARBLES & SANITARY WARE
E-mail: adventmarbles@gmail.com www.adventmarbles.in
N.H. ROAD, THALIPADUPPU, KASARAGOD. Ph: 04994-221633

കാട്ടുപന്നിയുടെ കുത്തേറ്റ് നിർമ്മാണതൊഴിലാളി മരിച്ചു

ഉപ്പള:കാട്ടുപന്നിയുടെ കുത്തേറ്റ് നിർമ്മാണ തൊഴിലാളിയായ യുവാവ് മരിച്ചു. ഇന്ന് രാവിലെ കുബണൂരിലാണ് നാടിനെ നടുക്കിയ ദുരന്തം നടന്നത്.കുബണൂരിലെ രാജേഷ് (41) ആണ് മരിച്ചത്. നിർമ്മാണ തൊഴിലാളിയായ രാജേഷ് രാവിലെ ജോലിക്ക് പോകാനായി വീട്ടിൽ നിന്നും ഇറങ്ങിയതായിരുന്നു. വീടിനടുത്ത് നിന്ന് ഇരുപത് മീറ്റർ അകലെയുള്ള സ്കൂൾ മൈതാനത്ത് എത്തിയപ്പോഴാണ് കാട്ടുപന്നി ചാടി വീണത്. പൊടുന്നനെയുള്ള പന്നിയുടെ ആക്രമണത്തിൽ നിന്നും രാജേഷിന് രക്ഷപ്പെടാൻ കഴിഞ്ഞില്ല. ചാടി വീഴുന്നതിനിടയിലും രക്ഷപ്പെടാൻ പന്നിയുമായി മൽപ്പിടുത്തം നടത്തുകയായിരുന്നു. ഇതിനിടയിൽ രാജേഷിന്റെ നിലവിളി കേട്ട് നാട്ടുകാർ ഓടിയെത്തിയപ്പോൾ പന്നി പിടിവിട്ട് രക്ഷപ്പെടുകയായിരുന്നു. കഴുത്തിൽ മാരകമായി കുത്തേറ്റ് നിലത്ത് വീണ് കിടന്ന രാജേഷിനെ നാട്ടുകാർ ആദ്യം ബന്തിയോട് ആശുപത്രിയിലെത്തിച്ചു. പിന്നീട് മംഗളൂരു ആശുപത്രിയിലേക്ക് കൊണ്ടു പോകും വഴിയാണ് മരിച്ചത്. കാട്ടുപന്നിയുടെ ആക്രമണത്തിൽ യുവാവിനുണ്ടായ ദാരുണ അന്ത്യം നാടിനെ നടുക്കി. ഈ പ്രദേശത്ത് കാട്ടുപന്നിയുടെ ആക്രമണം പതിവാണെന്നാണ് നാട്ടുകാർ പറയുന്നത്. സാധാരണ രീതിയിൽ രാജേഷ് ജോലിക്ക് പോകുന്നത് കൂട്ടുകാരോടൊപ്പം ബൈക്കിലായിരുന്നു. എന്നാൽ ഇന്ന് തനിച്ച് നടന്നു പോകുന്നതിനിടെയാണ് ദുരന്തം ഉണ്ടായത്. മൃതദേഹം മംഗളൂരു ആശുപത്രി മോർച്ചറിയിലാണുള്ളത്. പൊലീസ് എത്തി ഇൻക്വസ്റ്റ് നടത്തി പോസ്റ്റ് മോർട്ടത്തിന് ശേഷം നാട്ടിലേക്ക് കൊണ്ടുവരും.

രാജേഷ്

കാട്ടുപന്നിയുടെ ആക്രമം നടന്ന സ്ഥലം

ബി ജെ പി നേതാവും മംഗൽപാടി പഞ്ചായത്ത് മെമ്പറുമായ എം ബാബുവിന്റെ മകനാണ് രാജേഷ്. പരേതയായ കല്യാണിയാണ് അമ്മ.

ഭാര്യ: സുഹാസിനി. നാൽപ്പത് ദിവസം മാത്രം പ്രായ തൻവീഷ് രാജ് ഏക മകൻ. സഹോദരങ്ങൾ: നാരായണ, രുക്മാകര, നളിനി.

ആശുപത്രിയിൽ പോകവെ ബൈക്ക് മറിഞ്ഞ് കർഷകൻ മരിച്ചു

മഞ്ചേശ്വരം: ഡയാലിസിസ് നടത്താൻ ആശുപത്രിയിലേക്ക് പോകവെ ബൈക്ക് മറിഞ്ഞ് പരിക്കേറ്റ് കർഷകൻ മരിച്ചു.

വോർക്കാടി പാത്തൂർ ദേവിഗദ്ദെയിലെ രാമണ്ണ(65)യാണ് മരിച്ചത്. ഈ മാസം മൂന്നിനാണ് അപകടം നടന്നത്. കിഡ്നി സംബന്ധമായ അസുഖത്തെ തുടർന്ന് ഡയാലിസിസിനായി ബൈക്കിൽ മംഗൽപാടി ആശുപത്രിയിലേക്ക് പോകവെയാണ് ഗാഡികടമ്പാറിൽ വെച്ച് ബൈക്ക് അപകടത്തിൽപ്പെട്ടത്. റോഡിലേക്ക് തെറിച്ചുവീണ് ഗുരുതര പരിക്കേറ്റ രാമണ്ണയെ നാട്ടുകാർ ചേർന്ന് ദേർളക്കട്ടയിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. ചികിത്സക്കിടെ ഇന്നലെ രാത്രിയാണ് മരണം സംഭവിച്ചത്. ഭാര്യ: ആശാലത. മക്കൾ: പ്രതാപ് ചന്ദ്ര, പ്രദീപ് ചന്ദ്ര. സഹോദരങ്ങൾ: ഉമാവതി, ശേഷപ്പഷെട്ടി, തിമ്മപ്പഷെട്ടി.

ബൈക്കിൽ സഞ്ചരിക്കവെ എൽ ഐ സി ഏജന്റ് കുഴഞ്ഞ് വീണു മരിച്ചു

ഉപ്പള: ബൈക്കിൽ സഞ്ചരിക്കവെ എൽ ഐ സി ഏജന്റ് കുഴഞ്ഞ് വീണ് മരിച്ചു. ബോർക്കളയിലെ എ വാദിരാജ (50)യാണ് മരിച്ചത്. ഇന്നലെ രാവിലെയാണ് സംഭവം. എൽ ഐ സി ഏജന്റായ വാദിരാജ ഇന്നലെ രാവിലെ വീട്ടിൽ നിന്നും ബൈക്കിൽ പുറപ്പെട്ടതായിരുന്നു. കളിയൂർ ഗാന്ധിനഗറിലെത്തിയപ്പോഴാണ് കുഴഞ്ഞ് റോഡിലേക്ക് വീണത്. സംഭവമറിഞ്ഞ് ഓടിയെത്തിയവർ ഉടൻ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

പരേതരായ കുഞ്ഞബല്യായ- വിദ്യാവതി ദമ്പതികളുടെ മകനായ വാദിരാജ അവിവാഹിതനാണ്. സഹോദരങ്ങൾ: ഹേമന്തരാജ്, കനക,പ്രതിഭ, ഗീത, ജയമാല, ഇന്ദുപ്രഭ.

നന്മയുടെ ദീപപ്രഭയിൽ ഇന്ന് ദീപാവലി

കാസർകോട്: ദീപം തെളിച്ചും മധുരംപങ്കിട്ടും നാട് ഇന്ന് ദീപാവലി ആഘോഷിക്കുന്നു. തിന്മയ്ക്ക് മേൽ നന്മ നേടിയ വിജയമാണ് ദീപാവലിയായി ആഘോഷിക്കുന്നത്. രാവണവധം കഴിഞ്ഞെത്തിയ ശ്രീരാമനെ അയോധ്യയിലേക്ക് ദീപങ്ങൾ തെളിയിച്ച് സ്വീകരിച്ചതും ശ്രീകൃഷ്ണൻ നരകാസുരനെ വധിച്ചതുമൊക്കെയായി ദീപാവലിയുടെ ഐതിഹ്യങ്ങൾ നിരവധിയാണ്.

കാസർകോട് വരദരാജവെങ്കിട്ടരമണ ക്ഷേത്രത്തിൽ പുലർച്ചെ അഞ്ചിന് നടന്ന പൂജയോടെ ദീപാവലി ആഘോഷത്തിന് തുടക്കമായി. വൈകിട്ട് നാലരമുതൽ 6 മണിവരെ ഭജന, ബലീന്ദ്രപൂജ, എന്നിവ നടക്കും. എടനീർ മഠത്തിൽ മഠാധിപതി സ്വാമി സച്ചിതാനന്ദ ഭാരതിയുടെ കാർമ്മികത്വത്തിൽ വിശേഷാൽ പൂജകൾ ആരംഭിച്ചു.

മുസ്ലീംലീഗ് നിർണ്ണായക യോഗം തുടങ്ങി

ഖമറുദ്ദീൻ, ഷാജി വിവാദങ്ങൾ ചർച്ചക്ക്

മലപ്പുറം: തദ്ദേശ തിരഞ്ഞെടുപ്പ് അടുത്തിരിക്കേ, പാർട്ടിക്ക് പ്രതിസന്ധിയായ ഖമറുദ്ദീൻ, ഷാജി വിവാദങ്ങൾ ചർച്ച ചെയ്യാൻ നിർണ്ണായക മുസ്ലീം ലീഗ് ഉന്നതാധികാര സമിതി യോഗം ഇന്ന്.

ഉച്ചതിരിഞ്ഞ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് ഹൈദരലി ശിഹാബ് തങ്ങളുടെ വസതിയിലാണ് യോഗം. തദ്ദേശ തിരഞ്ഞെടുപ്പിനുള്ള ഒരുക്കത്തെക്കുറിച്ച് ചർച്ച ചെയ്യാനാണ് യോഗം വിളിച്ചു ചേർത്തതെങ്കിലും പ്രധാന ചർച്ച എം സി ഖമറുദ്ദീൻ എം എൽ എയുടെ അറസ്റ്റും കെ എം ഷാജിക്കെതിരെയുള്ള അന്വേഷണവുമായിരിക്കും.

തിരഞ്ഞെടുപ്പിൽ എതിരാളികളുടെ ശക്തമായ പ്രചരണായുധം ഇതായിരിക്കേ, അതിനെ എങ്ങിനെ മറികടക്കാമെന്ന ചർച്ച ഈ യോഗത്തിൽ ഉയർന്നുവരാനാണ് സാധ്യത. ജ്വല്ലറി നിക്ഷേപ തട്ടിപ്പ് കേസിൽ അറസ്റ്റിലായ മഞ്ചേശ്വരം എം എൽ എ ഖമറുദ്ദീനെതിരെ മുസ്ലീംലീഗ് നടപടി എടുക്കുമെന്നാണ് കരുതിയിരുന്നത്. എന്നാൽ ലീഗിന്റെ ഉന്നതാധികാര സമിതിയോഗം ചേർന്ന് അദ്ദേഹത്തിന് പിന്തുണ പ്രഖ്യാപിക്കുകയായിരുന്നു. ലീഗിന്റെ ഈ നടപടി പരക്കെ എതിർക്കപ്പെട്ട സാഹചര്യത്തിൽ ഇന്ന് ചേരുന്ന യോഗത്തിന് ഏറെ പ്രാധാന്യമുണ്ട്. ഖമറുദ്ദീനെതിരെ എന്തെങ്കിലും നടപടിയുണ്ടാകുമോ എന്നാണ് രാഷ്ട്രീയ കേരളം ഉറ്റുനോക്കുന്നത്.

പ്രത്യേകിച്ച് മകൻ ബിനീഷ് കോടിയേരിയുടെ കേസുമായി ബന്ധപ്പെട്ട വിവാദത്തിന്റെ പശ്ചാത്തലത്തിൽ കോടിയേരി ബാലകൃഷ്ണൻ സി പി എം സംസ്ഥാന സെക്രട്ടറി പദം ഒഴിഞ്ഞ സാഹചര്യത്തിൽ ഒരു തട്ടിപ്പ് കേസിൽ അറസ്റ്റിലായ എം എൽ എക്കെതിരെ പാർട്ടി നേതൃത്വം യാതൊരു നടപടിയും സ്വീകരിക്കാത്തത് അണികൾക്കിടയിലും മുറുമുറുപ്പുണ്ടാക്കിയിട്ടുണ്ട്.

അതേ സമയം കെ എം ഷാജിക്കെതിരെ ഇപ്പോൾ അന്വേഷണമാണ് നടക്കുന്നത്. അദ്ദേഹത്തെ പ്രതിചേർക്കുകയോ മറ്റ് നിയമനടപടികളോ ഇതുവരെ ഉണ്ടാകാത്ത സ്വീകരിക്കാത്ത സാഹചര്യത്തിൽ ഇതേ കുറിച്ച് കൂടുതൽ ചർച്ച ക്കിടയില്ലെന്നാണ് അറിയുന്നത്.

കണ്ണൂരിൽ 83 ലക്ഷത്തിന്റെ സ്വർണ്ണം പിടികൂടി

കണ്ണൂർ: കണ്ണൂർ വിമാനതാവളത്തിൽ രണ്ട് യാത്രക്കാരിൽ നിന്നായി 83 ലക്ഷം രൂപയുടെ സ്വർണ്ണം കസ്റ്റംസ് പിടികൂടി. ദുബൈയിൽ നിന്ന് എയർ ഇന്ത്യ എക്സ്പ്രസ് വിമാനത്തിലെത്തിയ കോഴിക്കോട് വളയം സ്വദേശി ഇസ്മായിലി(40)ൽ നിന്ന് 1466 ഗ്രാം സ്വർണ്ണവും, കർണ്ണാടക ഭട്കൽ സ്വദേശി റയ്യാൻ ഹസ്സനി (27)ൽ നിന്ന് 6,09,000 രൂപയുടെ സ്വർണ്ണവുമാണ് പിടിച്ചെടുത്തത്.

ചാച്ചാജിയുടെ ഓർമ്മ പുതുക്കി ഇന്ന് ശിശുദിനം

കാസർകോട്: കുഞ്ഞുങ്ങളെ ജീവനുതുല്യം സ്നേഹിച്ച പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനം ഇന്ന് രാജ്യമെങ്ങും ശിശുദിനമായി ആഘോഷിക്കുന്നു.എന്നാൽ കോവിഡ് നിയന്ത്രണത്തെ തുടർന്ന് വിവിധ ഭാഗങ്ങളിലായി നടക്കേണ്ടിയിരുന്ന ശിശുദിന ഘോഷയാത്രകൾ ഒഴിവാക്കി. കുട്ടികളുടെ ക്ഷേമത്തിലും സ്വാതന്ത്ര്യത്തിലും വിദ്യാഭ്യാസത്തിലും ശ്രദ്ധകേന്ദ്രീകരിക്കാനായി സംഘടിപ്പിക്കുന്ന ദിനാചരണം കൂടിയാണ് ശിശുദിനം

ബി ജെ പി നേതാവ് കടാർ ഐത്തപ്പ ഷെട്ടി അന്തരിച്ചു

ബദിയഡുക്ക: വിജയാബാങ്ക് ബാംഗ്ലൂർ റിട്ട. ഡെപ്യൂട്ടി ജനറൽ മാനേജറും ബി ജെ പി നേതാവുമായിരുന്ന കടാർ ഐത്തപ്പ ഷെട്ടി (84) മംഗളൂരുവിൽ മരിച്ചു. നാലു ദിവസം മുമ്പാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. കാംപ്കോ ഡയറക്ടർ, ബി ജെ പി കാസർകോട് മണ്ഡലം പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ബദിയഡുക്ക ക്ഷീരോൽപാദക സഹകരണ സംഘം പ്രസിഡന്റാണ്. വിട്ള കൊല്ലാടി സ്വദേശിയാണ് ഇദ്ദേഹം. ജോലിയിൽ നിന്നും വിരമിച്ച ശേഷം വിദ്യാഗിരി കടാറിലാണ് താമസം. ഭാര്യ: പരേതയായ ജയതാഷെട്ടി. മകൾ: ശൈലിനി. മരുമകൻ: ശ്യാമസുന്ദരഷെട്ടി.

തെരുവത്തെ വ്യാജ കോവിഡ് പരിശോധന: ഡോക്ടറുടെയും ടെക്നീഷ്യന്മാരുടെയും സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെട്ടു

കാസർകോട്: തെരുവത്ത് അനധികൃതമായി പ്രവർത്തിച്ചിരുന്ന കോവിഡ് ടെസ്റ്റ് ലാബിലെ മുഴുവൻ ഉപകരണങ്ങളും പൊലീസ് കസ്റ്റഡിയിലെടുത്തു.കമ്പ്യൂട്ടർ, സ്രവം പരിശോധിക്കുന്ന ട്യൂബുകളും മറ്റു സാധനങ്ങളും കുറെ രേഖകളുമാണ് കസ്റ്റഡിയിലെടുത്തത്.കോവിഡ് പരിശോധനാകേന്ദ്രം നടത്തിയിരുന്ന ഡോക്ടർ കെ എം സഫ്വാന്റെ ഫോൺ സ്വിച്ച് ഓഫാണെന്നു പൊലീസ് പറഞ്ഞു. ഇയാളുടെ ഡോക്ടർ സ്ഥാനവും വ്യാജമാണോ എന്ന് അന്വേഷിക്കുന്നതായി പൊലീസ് പറഞ്ഞു. പരിശോധനാ കേന്ദ്രത്തിൽ നാലു ടെക്നീഷ്യന്മാരുണ്ടായിരുന്നെന്നും ഇവരോടെല്ലാം അവരുടെ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും പൊലീസ് പറഞ്ഞു.കോവിഡ് പരിശോധനാ കേന്ദ്രം പൊലീസ് സീൽ ചെയ്തു. കോവിഡ് പരിശോധനാ കേന്ദ്രത്തിനു വേണ്ട ഒരു സംവിധാനവും ഇവിടെ ഏർപ്പെടുത്തിയിരുന്നില്ലെന്ന് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീജിത്ത് പറഞ്ഞു.കോവിഡ് പരിശോധനാ കേന്ദ്രത്തിൽ ഫ്രീസർ നിർബന്ധമാണ്. സ്രവം പരിശോധിച്ചതിന്റെ കിറ്റുകൾ ഒരു പെട്ടിയാണ് ഉപേക്ഷിച്ചിരുന്നത്. കോവിഡ് പരിശോധനക്കെന്ന പേരിൽ 2200 രൂപ വച്ചാണ് ഓരോരുത്തരിൽ നിന്ന് ഈടാക്കിയിരുന്നതെന്നു പറയുന്നു. ഗൾഫിൽ പോകാൻ തയ്യാറായിരുന്നവരാണ് ഇവിടെ കോവിഡ് പരിശോധനയ്ക്കെത്തിയിരുന്നതെന്നും ഇവിടെന്നു പരിശോധനാറിപ്പോർട്ടുമായിപ്പോയ പലരും യാത്രമുടങ്ങി നിരാശരായിട്ടുണ്ടെന്നും സംസാരമുണ്ട്.

മുഹമ്മദ് ശമീം ഉമരി അന്തരിച്ചു

കാസർകോട്: പഴയങ്ങാടി വാദിഹുദാ അറബിക് കോളേജ് പ്രിൻസിപ്പലും ഉറുദു- മലയാളം നിഘണ്ടു രചയിതാവും പരിഭാഷകനുമായ ചെമ്മനാട് കോളിയടുക്കം മൂഡംബയലിലെ മുഹമ്മദ് ശമീം ഉമരി (74) അന്തരിച്ചു.ഭാര്യ: ജമീല. മക്കൾ: റാഷിദ, മുജീബ് റഹ്മാൻ, സാലിഹ, ഹഫീസുൽ റഹ്മാൻ അസ്ലം(അധ്യാപകൻ), ഹസീന, അബ്ദുൾ റഹിമാൻ, ജുബൈർ. മരുമക്കൾ: യൂസഫ്, നിഷ, ഹസൈനാർ, ആരിഫ, ഖലീൽ തുരുത്തി. സഹോദരങ്ങൾ: സഹന, ഹബീബ് റഹ്മാൻ, ബീഫാത്തിമ, അബ്ദുൾ ലത്തീഫ്, ഷംസുദ്ദീൻ, നൂറിസ, അയൂബ് ഖാൻ, സാദിഖലി, ഉമൈബ, പരേതനായ മുസ്തഫ.

ഫാഷൻ ഗോൾഡ് നിക്ഷേപ തട്ടിപ്പ്; ചന്തേരയിലും കാസർകോടും രണ്ട് വീതം കേസുകൾ കൂടി

കാസർകോട്: ജ്വല്ലറി നിക്ഷേപ തട്ടിപ്പു കേസിൽ എം സി ഖമറുദ്ദീൻ എം എൽ എക്കും ടി കെ പൂക്കോയ തങ്ങൾക്കുമെതിരെ കാസർകോട് പൊലീസ് ഇന്നലെ രണ്ടു കേസുകൾ കൂടി രജിസ്റ്റർ ചെയ്തു. ഇതോടെ കാസർകോട് പൊലീസ് ഇതുവരെ ഇവർക്കെതിരെ 9 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

നീലേശ്വരം കോട്ടപ്പുറത്തെ ഷഹന നൗഫൽ, തൃക്കരിപ്പൂർ എളമ്പച്ചിയിലെ സൈനബ കെ ടി എന്നിവരുടെ പരാതിയിലാണ് കേസെടുത്തത്.

ഷഹാനാ നൗഫൽ 2015 ഡിസംബർ19ന് 401. 09 ഗ്രാം സ്വർണ്ണമാണ് ഫാഷൻ ഗോൾഡിൽ നിക്ഷേപിച്ചതെന്നു പരാതിയിൽ പറഞ്ഞു. ഇതിന്റെ പണമോ ലാഭവിഹിതമോ ഇതുവരെ നൽകിയിട്ടില്ലെന്നും പരാതിയിൽ കൂട്ടിച്ചേർത്തു.

2016 ജനുവരി 20നാണ് സൈനബ ആറു ലക്ഷം രൂപ ജ്വല്ലറിയിൽ നിക്ഷേപിച്ചത്. ഇതിനും പണമോ, ലാഭ വിഹിതമോ നൽകിയിട്ടില്ലെന്നു പരാതിയിൽ പറയുന്നു.

ചന്തേര പൊലീസ് സ്റ്റേഷനിലും രണ്ടു കേസുകൾ കൂടി രജിസ്റ്റർ ചെയ്തു. നീലേശ്വരം കോട്ടപ്പുറം സ്വദേശികളായ ടി അബ്ദുള്ളയുടെയും നാലുപുര പാട്ടിൽ എ അലീസയുടെയും പരാതിയിലാണ് കേസെടുത്തത്. 2009 മുതൽ വിവിധ കാലയളവിൽ 21ലക്ഷം രൂപ നിക്ഷേപിച്ചുവെന്നാണ് അബ്ദുള്ളയുടെ പരാതി. 2017ൽ 12 പവൻ സ്വർണ്ണം നിക്ഷേപിച്ചതായാണ് അലിസയുടെ പരാതി. അലീസയുടെ പരാതിയിൽ പൂക്കോയ തങ്ങൾ മാത്രമാണ് പ്രതി.

തെരുവത്തെ വ്യാജ കോവിഡ് പരിശോധന: ഡോക്ടറുടെയും ടെക്നീഷ്യന്മാരുടെയും സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെട്ടു

കാസർകോട്: തെരുവത്ത് അനധികൃതമായി പ്രവർത്തിച്ചിരുന്ന കോവിഡ് ടെസ്റ്റ് ലാബിലെ മുഴുവൻ ഉപകരണങ്ങളും പൊലീസ് കസ്റ്റഡിയിലെടുത്തു.കമ്പ്യൂട്ടർ, സ്രവം പരിശോധിക്കുന്ന ട്യൂബുകളും മറ്റു സാധനങ്ങളും കുറെ രേഖകളുമാണ് കസ്റ്റഡിയിലെടുത്തത്.കോവിഡ് പരിശോധനാകേന്ദ്രം നടത്തിയിരുന്ന ഡോക്ടർ കെ എം സഫ്വാന്റെ ഫോൺ സ്വിച്ച് ഓഫാണെന്നു പൊലീസ് പറഞ്ഞു. ഇയാളുടെ ഡോക്ടർ സ്ഥാനവും വ്യാജമാണോ എന്ന് അന്വേഷിക്കുന്നതായി പൊലീസ് പറഞ്ഞു. പരിശോധനാ കേന്ദ്രത്തിൽ നാലു ടെക്നീഷ്യന്മാരുണ്ടായിരുന്നെന്നും ഇവരോടെല്ലാം അവരുടെ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും പൊലീസ് പറഞ്ഞു.കോവിഡ് പരിശോധനാ കേന്ദ്രം പൊലീസ് സീൽ ചെയ്തു. കോവിഡ് പരിശോധനാ കേന്ദ്രത്തിനു വേണ്ട ഒരു സംവിധാനവും ഇവിടെ ഏർപ്പെടുത്തിയിരുന്നില്ലെന്ന് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീജിത്ത് പറഞ്ഞു.കോവിഡ് പരിശോധനാ കേന്ദ്രത്തിൽ ഫ്രീസർ നിർബന്ധമാണ്. സ്രവം പരിശോധിച്ചതിന്റെ കിറ്റുകൾ ഒരു പെട്ടിയാണ് ഉപേക്ഷിച്ചിരുന്നത്. കോവിഡ് പരിശോധനക്കെന്ന പേരിൽ 2200 രൂപ വച്ചാണ് ഓരോരുത്തരിൽ നിന്ന് ഈടാക്കിയിരുന്നതെന്നു പറയുന്നു. ഗൾഫിൽ പോകാൻ തയ്യാറായിരുന്നവരാണ് ഇവിടെ കോവിഡ് പരിശോധനയ്ക്കെത്തിയിരുന്നതെന്നും ഇവിടെന്നു പരിശോധനാറിപ്പോർട്ടുമായിപ്പോയ പലരും യാത്രമുടങ്ങി നിരാശരായിട്ടുണ്ടെന്നും സംസാരമുണ്ട്.

മംഗലാപുരം ബസ് സർവ്വീസ് ചർച്ച തിങ്കളാഴ്ച്ച

കാസർകോട്: കാസർകോട്ടു നിന്ന് മംഗലാപുരത്തേക്കും തിരിച്ചുമുള്ള ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിനെക്കുറിച്ച് ഇരു കെ എസ് ആർ ടി സി അധികൃതരും തിങ്കളാഴ്ച കാസർകോട്ട് ചർച്ച നടത്തും.ചൊവ്വാഴ്ചയോ, ബുധനാഴ്ചയോ കാസർകോട്-മംഗലാപുരം സ്റ്റേറ്റ് ബസ് സർവ്വീസ് പുനരാരംഭിക്കുമെന്ന് അധികൃതർ പ്രത്യാശിച്ചു.കാസർകോട്ടു നിന്ന് 40 സ്റ്റേറ്റ് ബസുകൾ മംഗലാപുരത്തേക്കും അത്രയും കർണ്ണാടക ബസുകൾ മംഗലാപുരത്തു നിന്നു കാസർകോട്ടേക്കും നടത്തിയിരുന്ന സർവ്വീസ് കോവിഡിനെത്തുടർന്നു നിറുത്തി വയ്ക്കുകയായിരുന്നു.

അന്തുക്ക

സ്വകാര്യലോബിയെ സഹായിക്കാനെന്ന് ആക്ഷേപം

കാസർകോട് നിന്നുള്ള കെ എസ് ആർ ടി സി 'മിന്നൽ' സർവ്വീസുകൾ നിർത്തലാക്കി

കാസർകോട്:സ്വകാര്യ ബസ് ലോബിയെ സഹായിക്കാൻ കെ എസ് ആർ ടി സിയുടെ ദീർഘദൂര സർവ്വീസുകൾ അട്ടിമറിക്കുന്നതായി ആക്ഷേപം.

കാസർകോട് കെ എസ് ആർ ടി സി ഡിപ്പോയിൽ നിന്നും ദീർഘദൂര സർവ്വീസ് നടത്തിയിരുന്ന മിന്നൽ എക്സ് പ്രസ് എന്നിവയുടെ ഓട്ടമാണ് കഴിഞ്ഞ ആറുമാസത്തിലധികമായി നിർത്തിവെച്ചത്. കോവിഡിനെ തുടർന്ന് ലോക്ഡൗൺ പ്രഖ്യാപിച്ച സമയത്താണ് ഈ ദീർഘദൂര ബസുകളുടെ സർവ്വീസുകൾ താൽക്കാലികമായി നിർത്തിവെച്ചിരുന്നത്. എന്നാൽ ലോക്ഡൗൺ മാറി ജനജീവിതം സാധാരണ നിലയിലായിട്ടും കാസർകോട് ഡിപ്പോയിൽ നിന്നുമുള്ള ഈ ദീർഘദൂരസർവ്വീസുകൾ മാത്രം തുടങ്ങിയില്ല. പ്രത്യേകിച്ച് ട്രിയനുകളും മറ്റും ഓടാത്ത സാഹചര്യത്തിൽ കെ എസ് ആർ ടി സിയുടെ ദീർഘദൂര സർവ്വീസ് തുടങ്ങാത്തത് യാത്രക്കാർക്ക് ഉണ്ടാക്കുന്ന ബുദ്ധിമുട്ട് ചെറുതൊന്നുമല്ല. കാസർകോട് ഡിപ്പോക്ക് അനുവദിച്ചിരുന്നത് രണ്ട് വീതം മിന്നൽ ബസുകളും എക്സ്പ്രസ് ബസുകളുമാണ്. കാസർകോട് നിന്ന് പുറപ്പെട്ട് എറണാകുളത്തും തിരുവനന്തപുരത്തും അവസാനിക്കുന്ന സർവ്വീസാണിത്. ഈ ദീർഘദൂര സർവ്വീസിന് യാത്രക്കാരും ഉണ്ടായിരുന്നു.

കാസർകോട് കെ എസ് ആർ ടി സിയിലെ മിന്നൽ ബസുകൾ

ട്രയിനുകളും കെ എസ് ആർ ടി സി ദീർഘദൂര ബസുകളും ഓടാത്തത് സ്വകാര്യ ബസ് ലോബിക്ക് ചാകരയാവുകയാണ്. കാസർകോട് നിന്നും ദിവസവും ഏഴോളം സ്വകാര്യ ബസുകളാണ് ദീർഘദൂര സർവ്വീസ് നടത്തുന്നത്.

ദീർഘദൂര യാത്രക്കായി നിരവധി പേരാണ് ഇപ്പോഴും കാസർകോട് ഡിപ്പോയിൽ എത്തുന്നത്. എന്നാൽ ബസുകൾ സർവ്വീസ് നടത്തുന്നില്ലെന്ന അധികൃതരുടെ മറുപടിയിൽ നിരാശരായെത്തുന്ന യാത്രക്കാർ മടങ്ങുന്നത് പതിവ് കാഴ്ചയായി. കാസർകോട് നിന്നും കെ എസ് ആർ ടി സി ദീർഘദൂര സർവ്വീസ് ആരംഭിക്കാത്തത് സ്വകാര്യ ബസ് ലോബിയുമായി ഉദ്യോഗസ്ഥർക്കുള്ള അവിഹിത ഇടപാടുകൾ കാരണമാണെന്ന ആക്ഷേപം ശക്തമായിട്ടുണ്ട്.

ശമ്പളത്തിനും മറ്റ് നിത്യനിദാന ചെലവുകൾക്കും കെ എസ് ആർ ടി സി പ്രതിസന്ധി നേരിടുമ്പോഴാണ് സ്വകാര്യ ലോബിയെ സഹായിക്കാൻ ഇത്തരത്തിൽ ചില ഉദ്യോഗസ്ഥർ സർവ്വീസുകൾ അട്ടിമറിക്കുന്നതെന്നാണ് വിമർശനം. ട്രയിനുകളേക്കാൾ വേഗത്തിൽ ലക്ഷ്യത്തിലെത്തുന്നതാണ് കെ എസ് ആർ ടി സിയുടെ മിന്നൽ സർവ്വീസ്. സ്റ്റോപ്പുകളുടെ എണ്ണവും ഡ്രൈവർമാരുടെ വിശ്രമ സമയവും കുറച്ചാണ് മിന്നൽ അതിവേഗ യാത്ര ഒരുക്കിയത്.

രാത്രി സമയങ്ങളിൽ മാത്രം റോഡിലിറങ്ങുന്ന സ്റ്റോപ്പുകൾ കുറവുള്ള കൃത്യ സമയം പാലിക്കുന്ന കെ എസ് ആർ ടി സിയുടെ പൊതുജന പ്രീതി ആകർഷിച്ച സർവ്വീസ് കൂടിയായിരുന്നു മിന്നൽ ബസുകളുടേത്.

ഡയാലിസിസിനിടെ ഹൃദയാഘാതം മൂലം അന്തരിച്ചു

തളങ്കര: തളങ്കര ജദീദ് റോഡിലെ പരേതരായ ഹക്കീം മുഹമ്മദിന്റെയും നബീസയുടെയും മകൻ എച്ച്.എം. സുലൈമാൻ (62) അന്തരിച്ചു. ദീർഘകാലം ഖത്തറിലായിരുന്നു. ജദീദ് റോഡ് അന്നിഹ്മത്ത് മസ്ജിദ് കമ്മിറ്റി അംഗമായിരുന്നു.

ഭാര്യ: സുഹ്റാബി.മക്കൾ: മഷൂദ് (ദുബായ്), നസീബ, സീനത്ത്, കാമിൽ, ഫാത്തിമ സുൽത്താന.മരുമകൻ: ഇർഷാദ് സന്തോഷ് നഗർ (ദുബായ്).സഹോദരങ്ങൾ: അബൂബക്കർ, ബീഫാത്തിമ, സുഹ്റ, മറിയംബി, പരേതരായ അബ്ദുല്ല, അഹമ്മദ്, റാസാഖ്, ഹമീദ്.

ആശുപത്രിയിൽ പ്രവേശിപ്പിച്ചയാൾ ഹൃദയാഘാതംമൂലം മരിച്ചു

മഞ്ചേശ്വരം: പരിശോധനക്കായി ആശുപത്രിയിൽ പ്രവേശിപ്പിച്ച മഞ്ചേശ്വരം സ്വദേശി ഹൃദയാഘാതം മൂലം മരിച്ചു. മൈസൂർ പ്ലൈവുഡ് ഫാക്ടറിയിലെ സൂപ്പർവൈസർ മഞ്ചേശ്വരം സ്വദേശിയായ ഷൗക്കത്ത് അമീർ (54) ആണ് മംഗളൂരു ആശുപത്രിയിൽ മരിച്ചത്. പരിശോധനക്കായി ആശുപത്രിയിൽ പ്രവേശിപ്പിച്ചതായിരുന്നു. ഇതിനിടയിലാണ് ഹൃദയാഘാതമുണ്ടായത്.ഭാര്യ:നജീമ. മക്കൾ:മുക്താർ, സത്താർ, മുബീന, മരുമക്കൾ: സാജിദ, ഇഖ്ബാൽ.സഹോദരങ്ങൾ: ഷക്കീല, മുംതാസ്, ജുബൈദ.